എൻ.ആർ.എച്ച്.എം-ലെ ആയിരക്കണക്കിനാളുകൾ, അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകളിൽ ഒക്കെയെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇനിയെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിൽ അടക്കമുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സേചേഞ്ചുകൾവഴി നടത്താൻ അങ്ങ് ശക്തമായ നടപടിയെടുക്കുമോ ?

ശ്രീ. പി.കെ. ഗുരുദാസൻ : ബഹുമാനപ്പെട്ട ശ്രീ. ബി. ബാബു പ്രസാദിന്റേത് തെറ്റിദ്ധാരണയാണ്. അതായത് താൽക്കാലിക നിയമനങ്ങൾ ആണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തേണ്ടത്. സ്ഥിരം നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ സ്ഥാപനത്തിനും അതിന്റേതായിട്ടുള്ള നിയമ വ്യവസ്ഥകളുണ്ട്, ചട്ടങ്ങളുണ്ട്. ആ ചട്ടങ്ങളനുസരിച്ചാണ് നിയമിക്കുന്നത്. അതേസമയം താൽക്കാലിക നിയമനങ്ങൾ തികച്ചും താൽക്കാലികമായി ആറുമാസക്കാലത്തേക്കുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിതന്നെ നിർബന്ധമായും നടത്തണമെന്ന് കർശനമായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യും.

(2) മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി

ശ്രീ. എം. എം. മോനായി : സർ, മലയാള ഭാഷയ്ക്ക് മഹിതവും ശ്രേഷ്ഠവുമായ ക്ലാസിക്കൽ പദവി ലഭ്യമാക്കുന്നതിലേക്കും സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധമായും പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കുമാണ് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഭാഷ ഒരു ജനതയുടെ ജീവിതാവിഷ്ക്കാരവും സാമൂഹിക ഉൽപ്പന്നവുമാണ്. ഒരു സമൂഹത്തിന്റെ ചരിത്രവും സംസ്ക്കാരവും അതിലുണ്ട്. ഭാഷ നിർണ്ണയിച്ചതും നിർമ്മിച്ചതുമായ ഒരു സംസ്ഥാനമാണ് നമ്മുടെ കേരളം. ഓരോ ഭാഷയ്ക്കും അവയുടേതായ അർഹതപ്പെട്ട സ്ഥാനമുണ്ട്. ഇൻഡ്യയിലെ ഓരോ ഭാഷയും ഇൻഡ്യ നിർമ്മിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചവയാണ്. വൈദേശിക അധിനിവേശ ഭാഷകളിൽ നിന്ന് വ്യത്യസ്തമായി മലയാള ഭാഷയുടെ വേരുകൾ ആദിമ ഭാരതീയ സംസ്ക്കാരവുമായി ബന്ധപ്പെട്ടതാണ്. ദ്രാവിഡ ഗോത്രത്തിൽപ്പെട്ടതാണ് നമ്മുടെ മലയാള ഭാഷ. സിന്ധുനദീതട സംസ്ക്കാരവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ് ദ്രാവിഡ ഗോത്രം. തമിഴും തെലുങ്കും മലയാളവും ദ്രാവിഡ ഗോത്രത്തിൽപ്പെടുന്നു. ഈ കുടുംബ വിഭജനത്തിൽ ഉച്ചനീചത്വങ്ങളില്ല. ഭാഷാശാസ്ത്ര പണ്ഡിത ശ്രേഷ്ഠർ പലരും ഒന്നുകിൽ തമിഴിന്റെ ജ്യേഷ്ഠത്തിയോ അനുജത്തിയോ ആയി മലയാള ഭാഷയെ കാലഗണന ചെയ്തിട്ടുണ്ട്. ക്രിസ്തുവിന് മുൻപ് അഞ്ഞൂറാമാണ്ടിൽ തന്നെ ലക്ഷണമൊത്ത വ്യാകരണ ഗ്രന്ഥങ്ങൾ ദ്രാവിഡ ഭാഷയിൽ ഉരുത്തിരിച്ചിട്ടുണ്ട്. ഭാഷയുണ്ടായി വർഷങ്ങൾക്കുശേഷമാണ് ഒരു ഭാഷയിലെ സാഹിത്യവും വ്യാകരണങ്ങളും ഉണ്ടാകുന്നത്. തമിഴും മലയാളവും തെലുങ്കും കന്നടയും ഒരേ ഗോത്രത്തിന്റെ തന്നെ മക്കളാകയാൽ മുപ്പിളമ തർക്കങ്ങൾക്ക് പ്രസക്തിയില്ല. മലയാള ഭാഷയെ ക്ലാസിക്കൽ ഭാഷയായി പ്രഖ്യാപിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. എന്നാൽ തമിഴിനേയും തെലുങ്കിനേയും

LIBRARY ARCHIVES Kerala Legislative Assembly

കന്നടയെയും ക്ലാസിക്കൽ ഭാഷയായി അംഗീകരിച്ചു. സമസ്ഥാനീയ പദവിയുള്ള മലയാള ഭാഷയ്ക്ക് രണ്ടാം പൗരത്വം കൽപ്പിക്കുന്നത് ഉചിതമല്ല. കന്നടയ്ക്കും തെലുങ്കിനും ക്ലാസിക്കൽ പദവി നൽകി മലയാളത്തെ പ്രാന്തവൽക്കരിക്കാൻ ശ്രമിക്കരുത്. ലോകത്തിലെ നിരവധി രാജ്യങ്ങളിൽ മലയാളിയുടെയും മലയാളത്തിന്റെയും സാന്നിദ്ധ്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മലയാളത്തിന്റെ സാംസ്ക്കാരിക സമ്പന്നതകൾ വിസ്മരിക്കപ്പെടരുത്. കേരളത്തോടുള്ള ഈ അവഗണന അവസാനിപ്പിച്ച് മലയാള ഭാഷയെ ക്ലാസിക്കൽ ഭാഷാ പദവിയിക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. ഒരു ഭാഷ നിലനിൽക്കുന്നതും വളരുന്നതും അതിന്റെ പഠനത്തിലും പ്രയോഗത്തിലുമാണ്. മാതൃഭാഷാ പഠനം വിദ്യാഭ്യാസത്തിന്റെ പ്രധാന ഭാഗമാണ്. എന്നാൽ കേരളത്തിൽ പ്രവർത്തിക്കുന്ന നിരവധി സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ വിദ്യാലയങ്ങളിൽ മലയാള ഭാഷ പഠിപ്പിക്കുന്നില്ല. ഔദ്യോഗിക ഭാഷാ സമിതി ഇതര സംസ്ഥാനങ്ങളിൽ പഠനം നടത്തിയപ്പോൾ അതാത് സംസ്ഥാനങ്ങളിൽ മാതൃഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനെ ചില മാനേജുമെന്റുകൾ കോടതിയിൽ ചോദ്യം ചെയ്തുവെങ്കിലും മാതൃഭാഷാ പഠനത്തെ കോടതികൾ നിരോധിച്ചിട്ടില്ല. ഈ നൂറ്റാണ്ട് അവസാനിക്കുമ്പോൾ ആയിരത്തോളം ഭാഷകൾ ഭൂമുഖത്ത് നിന്ന് തിരോഭവിക്കുമെന്ന് പണ്ഡിതർ പറയുന്നു. ഒരു ഭാഷ മരിക്കുമ്പോൾ ഒരു സംസ്ക്കാരമാണ് മൃതമാകുന്നത്. മഹിതമായ മലയാളം മരണമടയരുത്. പശ്ചിമഘട്ടങ്ങൾ കയറിയും കരകയറിയും വളർന്ന മലയാണ്മയുടെ ഗരിമ കെടരുത്. സംസ്ഥാന പാഠ്യക്രമം പഠിപ്പിക്കാത്ത സ്കൂളുകളിൽ കുട്ടികൾക്ക് മലയാളഭാഷ പഠിക്കാൻ സാധിക്കുന്നില്ല. മലയാളം ശരിയായി സംസാരിക്കാനോ വായിക്കാനോ എഴുതാനോ അറിയാത്ത ഒരു തലമുറ വളർന്നുവരികയാണ്. നമ്മുടെ വാമൊഴിയും വരമൊഴിയും മൃതമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ മാധ്യമങ്ങളിലും മലയാളഭാഷയുടെ മരണം കാണാൻ സാധിക്കും. മലയാളവും ആംഗലവും സമന്വയിപ്പിച്ച മാംഗല മണിപ്രവാളമായി മലയാള ഭാഷ അധ:പതിക്കരുത്. ആയതിനാൽ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗം സ്കൂളുകളിലും പത്താം ക്ലാസ് വരെ മലയാളഭാഷാ പഠനം നിർബന്ധമാക്കണമെന്നും ആയതിന് നിയമ നിർമ്മാണം നടത്തണമെന്നും ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഐക്യകേരളപ്പിറവിയുടെ സ്വാധീനത്തിൽ നിന്നും മലയാള ഭാഷാ വിദഗ്ദ്ധൻമാർ കൈരളിയെ രക്ഷിക്കുന്നതിന് ധീരമായ പരിശ്രമം നടത്തിയതുപോലെ മലയാള ഭാഷയ്ക്ക് ശ്രേഷ്ഠപദവിയായ ക്ലാസ്സിക്കൽ പദവി ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും പത്താം ക്ലാസ്സ് വരെ മലയാളം നിർബന്ധമായും പഠിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി 19-2-2009-ൽ ഒരു സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിരിക്കുന്നു. ഈ

LIBRARY ARCHIVES Kerala Legislative Assembly

സമിതിയിൽ പ്രമുഖ സാഹിത്യകാരന്മാരും ഭാഷാ പണ്ഡിതന്മാരും അംഗങ്ങളാണ്. ഈ സമിതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഏകോപന നടപടികൾ കൈക്കൊള്ളുന്നതിന് കേരള സാഹിത്യ അക്കാദമിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 29-4-2010-ൽ ചേർന്ന സമിതിയുടെ യോഗ തീരുമാനപ്രകാരം 2010 മേയ് 5-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആദരണീയനായ പ്രതിപക്ഷനേതാവും പ്രശസ്ത സാഹിത്യകാരന്മാരും ഭാഷാ പണ്ഡിതന്മാരുമൊക്കെ അടങ്ങുന്ന ഒരു പ്രത്യേക പ്രതിനിധി സംഘം ആദരണീയനായ പ്രധാനമന്ത്രിയെ സന്ദർശിച്ച് മലയാളത്തിന് ക്ലാസ്സിക്കൽ പദവി നൽകണമെന്ന് ആവശ്യപ്പെടുന്ന നിവേദനം സമർപ്പിക്കുകയുണ്ടായി. കേരളത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പ്രധാനമന്ത്രി ഉറപ്പ് നൽകി. തുടർനടപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രവർത്തക സമിതി രൂപീകരിച്ച് 6-7-2010-ൽ ഉത്തരവായിട്ടുണ്ട്. ഈ സമിതിയിൽ എന്റെ സഹപ്രവർത്തകനായ സിവിൽ സപ്ലൈസ് വകുപ്പു മന്ത്രി ശ്രീ. സി. ദിവാകരൻ ഉപാദ്ധ്യക്ഷനും വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി കൺവീനറുമാണ്. കൂടാതെ ഡോക്ടർ സുകുമാർ അഴീക്കോട്, പ്രൊഫ. ഒ. എൻ. വി. കുറുപ്പ്, ശ്രീ. എം. ടി. വാസുദേവൻ നായർ, ഡോക്ടർ പുതുശ്ശേരി രാമചന്ദ്രൻ, പ്രൊഫ. എം. ലീലാവതി, ശ്രീമതി സുഗതകുമാരി, ശ്രീമതി പി. വത്സല, ശ്രീ. എം. എൻ. കാരശ്ശേരി, പ്രൊഫ. സ്കറിയ സക്കറിയ എന്നിവർ അംഗങ്ങളാണ്. തിരുവനന്തപുരത്തെ ഇന്റർനാഷണൽ സ്കൂൾ ഓഫ് ദ്രാവീഡിയൽ ലിംഗ്വിസ്റ്റിക്സിൽ ഡോക്ടർ പുതുശ്ശേരി രാമചന്ദ്രന്റെ നേതൃത്വത്തിൽ ക്ലാസ്സിക്കൽ ഭാഷാ പദവിക്കുവേണ്ടി സമർപ്പിക്കുന്നതിനുള്ള രേഖകൾ ശാസ്ത്രീയമായും ആധികാരികമായും തയ്യാറാക്കി വരികയാണ്. മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കാൻ വേണ്ടി സാദ്ധ്യമായ എല്ലാ പ്രവർത്തനങ്ങളും സംസ്ഥാന ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മലയാള ഭാഷാ പഠനത്തിനുള്ള സൗകര്യത്തെ സംബന്ധിച്ച വിഷയവും വളരെ ഗൗരവമുള്ളതാണ്. സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് വിഭാഗത്തിൽപ്പെടുന്ന, ഇംഗ്ലീഷ് ബോധന മാധ്യമമാക്കിയിട്ടുള്ള എല്ലാ സ്കൂളുകളിലും മാതൃഭാഷ പഠിപ്പിക്കണമെന്ന് ഇപ്പോൾ നിർബന്ധമാക്കിയിട്ടുണ്ട്. മുൻപ് അങ്ങനെയൊരു നിർബന്ധം ഉണ്ടായിരുന്നില്ല എന്നുള്ളതും ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യമാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന സമയത്ത് മലയാള ഭാഷ പഠിപ്പിക്കണമെന്ന് സത്യവാങ്മൂലം വാങ്ങാറുണ്ട്. മാതൃഭാഷയോട് താൽപ്പര്യം കുറഞ്ഞുവരുന്നത് സർക്കാർ ഗൗരവമായി കാണുന്നു. എല്ലാ വിഭാഗം സ്കൂളുകളിലും മാതൃഭാഷ നിർബന്ധമായി പഠിപ്പിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ഇംഗ്ലീഷ് മീഡിയം സ്കൂളുകളും മലയാളം ബോധന മാധ്യമമാക്കിയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കണമെന്നുള്ള ആവശ്യം വരുമ്പോൾ രണ്ട് മലയാളം

LIBRARY ARCHIVES Kerala Legislative Assembly

മീഡിയം ക്ലാസ്സുകളുണ്ടെങ്കിൽ മൂന്നാമത് ആരംഭിക്കുമ്പോൾ അതിന് കുട്ടികളുണ്ടെങ്കിൽ, അത് ഇംഗ്ലീഷ് മീഡിയം ആകാം, അത് പരിഗണിക്കാമെന്നൊരു സമീപനമാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. അതിനെ സംബന്ധിച്ച് ദൗർഭാഗ്യവശാൽ ചില സമയത്ത് പരാതികളും തർക്കങ്ങളും ഉയർന്നുവരുന്നു. ഒരു ഭാഗത്ത് മലയാള ഭാഷാ പഠനത്തിന് പ്രാധാന്യം കൊടുക്കണമെന്ന് ചർച്ച ചെയ്യുമ്പോൾ, മറു ഭാഗത്ത് ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾക്ക് ആവശ്യം പോലെ അനുമതി കൊടുത്തുകൊണ്ടിരിക്കുന്നു എന്നുപറയുക, ഈ ഇരട്ടത്താപ്പ് നമുക്ക് കഴിയില്ല. ഇതിനെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് ഉണ്ടാകണം. ഇവിടെ നമുക്ക് ഉണ്ടാകേണ്ട വ്യക്തത ഇംഗ്ലീഷ് ഒരു ഭാഷയെന്ന തരത്തിൽ പഠിക്കുന്നതിന് നമ്മളാരും എതിരല്ല. പക്ഷേ ബോധന മാധ്യമം എന്നുപറയുന്നത് ലോകത്തെവിടെയും മാതൃഭാഷയാണ്. ബോധന മാധ്യമം മലയാളം വേണ്ട, ഒരു വിദേശഭാഷയാകണമെന്ന ഭ്രമം ശാസ്ത്രീയമായ വിദ്യാഭ്യാസ തത്വങ്ങളുടെയൊന്നും പിൻബലമുള്ളതല്ല. അത് നമ്മൾ പൊതുവിൽ മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. എല്ലാ വിഭാഗം സ്കൂളുകളിലും മാതൃഭാഷ പഠിപ്പിക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചതിന് പുറമെ കേരളത്തിൽ നാലാം ക്ലാസ്സ് വരെയെങ്കിലും മാതൃഭാഷ നിർബന്ധമായും പഠിപ്പിച്ചിരിക്കണമെന്ന ഉത്തരവാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം പുറപ്പെടുവിച്ചത്. ആ ഉത്തരവ് പാലിക്കാത്ത സ്കൂളുകളുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കണമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഷത്തെ പ്രവേശനോത്സവത്തിന്റെ വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കവി ഒ.എൻ.വി.യുമൊക്കെ പങ്കെടുത്ത ചടങ്ങിൽ വച്ച്, ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള ഉത്തരവുകൾ അവഗണിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽ ഉചിതമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്ന കാര്യവും ഗവൺമെന്റ് ആലോചിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര സിലബസ്സിലുള്ള സ്കൂളുകളുടെ പാഠ്യപദ്ധതിയിൽ മലയാളം ഉൾപ്പെടുത്തണമെന്ന് സർക്കാർ ബന്ധപ്പെട്ട ബോർഡുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ പ്രിയപ്പെട്ട കവി വള്ളത്തോൾ

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന് പെറ്റമ്മ തൻ ഭാഷ താൻ"

എന്ന് കുറിച്ചുവച്ചിട്ടുള്ളത് നമ്മളെല്ലാം ഉദ്ധരിക്കാറുണ്ട്. പക്ഷേ കാലം അവിടെ നിന്ന് മാറിയിരിക്കുന്നു. ഇന്ന് കേരളീയന്റെയും മലയാളിയുടെയും മനോഭാവം പ്രിയപ്പെട്ട കവി കുഞ്ഞുണ്ണി മാഷ് നാല് വരികളിലൂടെ ആവിഷ്ക്കരിച്ചിട്ടുണ്ട്.

"ജനിക്കും നിമിഷം തൊട്ടെൻ മകൻ ഇംഗ്ലീഷ് പഠിക്കണം
അതിനായ് ഭാര്യ തൻ പേർ അങ്ങ് ഇംഗ്ലണ്ടിൽ തന്നെയാക്കി ഞാൻ"

LIBRARY ARCHIVES Kerala Legislative Assembly

ഈ മനോഭാവത്തിൽ നിന്ന് നമ്മൾ മാറാതെ മലയാള ഭാഷയെക്കുറിച്ച് പ്രഭാഷണം നടത്തിയിട്ട് ഒരു കാര്യവുമില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എം. എം. മോനായി : സർ,

'പടജനങ്ങളുടെ നടുവിലുള്ളൊരു
പടയണിക്കുക ചേരുവാൻ
ചാരുകേരള ഭാഷ തന്നെ ചിതംബരം'

എന്നതിനെ അന്വർത്ഥമാക്കുമാറ് ഞാൻ ഉന്നയിച്ച വിഷയത്തിൽ ഗൗരവത്തോടുകൂടി അങ്ങ് മറുപടി പറഞ്ഞതിനെ ഞാൻ അഭിനന്ദിക്കുകയാണ്. പല പുരോഗമന നടപടികൾക്കും നേതൃത്വം വഹിച്ച ഈ ഇടതുപക്ഷ ജനാധിപത്യമുന്നണി മന്ത്രിസഭയുടെ കാലഘട്ടത്തിൽത്തന്നെ മലയാള സർവ്വകലാശാല രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, ഇക്കാര്യം ഗവൺമെന്റ് ചർച്ച ചെയ്തപ്പോൾ വിഷയ കേന്ദ്രീകൃത സർവ്വകലാശാലകൾ എന്നുള്ളത് പൊതുവിൽ നമുക്ക് സ്വീകരിക്കുവാൻ കഴിയുന്ന ഒരു സമീപനമല്ല. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ അങ്ങനെ നമുക്ക് വേണ്ടി വന്നിട്ടുണ്ട്. മെഡിക്കൽ യൂണിവേഴ്സിറ്റി നമ്മൾ രൂപീകരിച്ചു, അതിനുള്ള നടപടികൾ നമ്മൾ കൈക്കൊണ്ടിട്ടുണ്ട്. നമ്മൾ ഊന്നൽ കൊടുക്കേണ്ടത് മലയാള ഭാഷയുടേയും സാഹിത്യത്തിന്റെയും ഗൗരവപൂർണ്ണമായ പഠനം, ഗവേഷണം ഇതൊക്കെയാണ്. അതിന് നമ്മളുടെ സർവ്വകലാശാലകളിലെ മലയാളം ഡിപ്പാർട്ടുമെന്റുകൾ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. ഇതിന് പുറമെ മലയാള സർവ്വകലാശാല എന്നുള്ള ആവശ്യം വളരെ സാർവ്വത്രികമായി ഉയർന്നു വന്നുകൊണ്ടിരിക്കുകയാണ്. അത് വൈചാരികമായി മാത്രമല്ല കുറെയൊക്കെ വൈകാരികമായും കൂടിയാണ് ഈ ആവശ്യം ഉയർന്നു വരുന്നത്. തമിഴ് സർവ്വകലാശാല വന്നു, കന്നഡ സർവ്വകലാശാല വന്നു, തെലുങ്ക് സർവ്വകാലാശാല വന്നു, കേരളത്തിൽ സംസ്കൃത സർവ്വകലാശാല സ്ഥാപിച്ചു. നമ്മുടെ അയൽ സംസ്ഥാനങ്ങളെല്ലാം ഭാഷാ സർവ്വകലാശാലകൾ രൂപവൽക്കരിച്ചിട്ടും നമ്മൾ എന്തുകൊണ്ട് ചെയ്യുന്നില്ല എന്നുള്ള നിലയിൽ ശക്തമായ ചോദ്യം ഉയർന്നു വന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഈ ആവശ്യം ഗവൺമെന്റ് തള്ളിക്കളഞ്ഞിട്ടില്ല. നിശ്ചയമായും നമ്മുടെ ആവശ്യം പരിഗണിച്ചുകൊണ്ട്, കേന്ദ്ര ഗവൺമെന്റ് മലയാള ഭാഷയ്ക്ക് അർഹമായ ശ്രേഷ്ഠ ഭാഷാപദവി, ക്ലാസിക്കൽ ഭാഷാപദവി നൽകുകയാണെങ്കിൽ അതിന്റെ ഭാഗമായി മലയാള ഭാഷയേയും സാഹിത്യത്തേയും ശക്തിപ്പെടുത്താനും വികസിപ്പിക്കാനും പ്രത്യേകമായ ഫണ്ട് കേന്ദ്രം ലഭ്യമാക്കുന്നതാണ്. കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മലയാള സർവ്വകലാശാല പ്രത്യേകം സ്ഥാപിക്കുകയെന്നുള്ള കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : മലയാളികളുടെ മക്കൾ മലയാളം മറക്കാതിരിക്കാനുള്ള കാമ്പെയിനാണ് ഇപ്പോൾ വേണ്ടത്. ചാനലുകളിലൊക്കെ ഇംഗ്ലീഷും മലയാളവും അല്ലാത്ത ഭാഷകളാണ് കേട്ടുകൊണ്ടിരിക്കുന്നത്.

ശ്രീ. എം. എ. ബേബി : അത് ശരിയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അതുകൊണ്ടുതന്നെ തമിഴ് മേള നടത്തിയതുപോലെ മലയാളികളുടെ വലിയ ഒരു കൂട്ടായ്മ ഒക്കെ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

ശ്രീ. എം. എ. ബേബി : ഗവൺമെന്റ് അക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. ഭാഷാ സമ്മേളനം നമ്മൾ നടത്തുന്നതാണ്. അതിന്റെ തീയതിയും മറ്റ് കാര്യങ്ങളും ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുന്നതാണ്. ഭാഷാ സമ്മേളനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭാഷാ സമ്മേളനം, very good.

III സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ : നമുക്ക് 25 സബ്മിഷനുകളാണ് ലിസ്റ്റിലുള്ളത്. അതുകൊണ്ടുതന്നെ സബ്മിഷൻ ഉന്നയിക്കുന്നതും മറുപടി പറയുന്നതും പരമാവധി ചുരുക്കിയാണെങ്കിൽ നമുക്ക് ഇത് മുഴുവൻ എടുക്കാം. അതനുസരിച്ച് കാര്യങ്ങൾ പറഞ്ഞാൽ മതി. ഇടപെടാതിരിക്കാനൊന്നും ആവില്ല. ഇടപെടേണ്ട സമയത്ത് ഇടപെടും. അതൊക്കെ ചെയറിന്റെ ഡ്യൂട്ടിയിൽപ്പെട്ട കാര്യങ്ങളാണ്.

(1) സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ജീവനക്കാരുടെ പ്രൊമോഷൻ

ശ്രീ. ജോർജ്ജ് മേഴ്സിയർ : സർ, നമ്മുടെ മുഖ്യമന്ത്രിയുടെ ആഫീസിൽ നിയമപ്രകാരമല്ലാത്ത ധാരാളം ഇടപെടലുകൾ നടക്കുന്നുവെന്ന ആക്ഷേപം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. പ്രധാനമായി 2005 ഏപ്രിൽ മാസം 8-ാം തീയതി സ്ഥിരനിയമനം കൊടുത്ത സെക്യൂരിറ്റി ജീവനക്കാരുടെ താൽപ്പര്യങ്ങൾ അവഗണിച്ചുകൊണ്ട് 2005 ജൂൺമാസം 8-ാം തീയതി നിയമിതരായ സെക്യൂരിറ്റി ജീവനക്കാർക്ക് പ്രമോഷൻ കൊടുക്കാൻവേണ്ടിയുള്ള ഒരു ശ്രമം നടക്കുന്നുണ്ടായിരുന്നു. ആ ശ്രമം സുപ്രീംകോടതിവരെ പോയപ്പോൾ കോടതി തടയുകയും ഏപ്രിൽ 8-ന് നിയമിതരായവർക്ക് പ്രൊമോഷൻ കൊടുക്കണം എന്ന് സുപ്രീംകോടതി വളരെ വ്യക്തമായി നിഷ്കർഷിച്ചിട്ടും മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്നുള്ള ഇടപെടലുകൾ കാരണം ജൂൺ 8-ന് നിയമനം ലഭിച്ചവർക്ക് പ്രൊമോഷൻ കൊടുക്കാനുള്ള ഒരു ശ്രമം നടക്കുന്നു. രണ്ടാമത് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ആഫീസിലെ ഇടപെടൽ കാരണം നിയമാനുസരണമല്ലാതെ സീനിയോറിറ്റി ലംഘിച്ചുകൊണ്ട് 516-ഓളം സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലാ കളക്ടർ നിയമാനുസരണം നൽകിയ സീനിയോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly